# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.09.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യും.

2. ആഗോള വെല്ലുവിളികൾ നേരിട്ടപ്പോഴും, 7.8 ശതമാനം ജി ഡി പി വർധന നേടാൻ ഇന്ത്യക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി; സെമികോൺ ഇന്ത്യ 2025 പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

3. നാളികേരത്തിന്റെ അനന്ത സാധ്യതകൾ തിരിച്ചറിയുകയെന്ന പ്രമേയവുമായി ഇന്ന് ലോക നാളികേര ദിനം. മികച്ച കാർഷിക ഉത്പാദനത്തിന് ശാസ്ത്രീയമായ ജല - ഭൂ വിനിയോഗം ഉറപ്പ് വരുത്തണമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ.

4. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ശക്തമായ പ്രതിരോധ നടപടികൾ തുടർന്ന് ആരോഗ്യവകുപ്പ്.

5. തിരുവോണത്തിന് ഇനി മൂന്നു നാൾ; നാടെങ്ങും ഓണാഘോഷത്തിരക്കിൽ ; ഓണം വിശേഷാൽ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും.

6. കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെയും തൃശൂർ ടൈറ്റൻസ്, അദാനി ട്രിവാൻഡ്രം റോയൽസിനേയും നേരിടും.

******************************************

RNU TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് തമിഴ്നാട്ടിൽ. ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിൻറെ 120-ാമത് സ്ഥാപക ദിനാഘോഷത്തിൽ രാഷ്ട്രപതി ഇപ്പോൾ പങ്കെടുക്കുകയാണ്. തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിലും ശ്രീമതി മുർമു സംബന്ധിക്കും.

****************************************

## പ്രധാനമന്ത്രി സെമികോൺ ഇന്ത്യ

ലോകത്തിന് ഇന്ത്യയിൽ വലിയ പ്രതീക്ഷയും വിശ്വാസവുമാണ് ഉള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സെമികോൺ ഇന്ത്യ 2025 ന്റെ ഉദ്ഘാടനം ന്യൂഡൽഹിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ആഗോള വെല്ലുവിളികൾ നേരിട്ടപ്പോഴും, ഇന്ത്യക്ക് 7.8 ശതമാനം ജി ഡി പി വർധന നേടാൻ സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. പെട്രോളിയം ഉൽപ്പന്നങ്ങൾ നിയന്ത്രിച്ചിരുന്ന ആഗോള സാമ്പത്തിക മേഖലയുടെ നിയന്ത്രണം ഇനി മുതൽ ഡിജിറ്റൽ - സെമികണ്ടക്ടർ മേഖലയുടെ കൈവശമായിരിക്കുമെന്ന് ശ്രീ മോദി പറഞ്ഞു. സെമികണ്ടക്ടർ ഉല്പാദനമേഖലയിലെ സുപ്രധാന കേന്ദ്രമായി മാറാനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യയെന്നും ആഗോള വിപണിയിൽ ഇന്ത്യയുടെ പങ്ക് വളരെ

വലുതായിരിക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

RNU TVPM

****************************************

## ഇന്ന് നാളികേര ദിനം

ഇന്ന് ലോക നാളികേര ദിനം. നാളികേരത്തിന്റെ അനന്ത സാധ്യതകൾ തിരിച്ചറിയാനുള്ള ആഗോള പ്രവർത്തനങ്ങൾക്കു പ്രചോദനമേകുക എന്നതാണ് ഈ വർഷത്തെ പ്രമേയം. 27-ാമത് ലോക നാളികേര ദിനാഘോഷത്തോട് അനുബന്ധിച്ച്

നാളികേര വികസന ബോർഡ് എറണാകുളത്ത് സംഘടിപ്പിച്ച പരിപാടിയിൽ എം.കെ രാഘവൻ എം.പി പങ്കെടുത്തു.

****************************************************

## എ.കെ.ശശീന്ദ്രൻ

മികച്ച കാർഷിക ഉത്പാദനത്തിന് ശാസ്ത്രീയമായ ജല - ഭൂ വിനിയോഗം ഉറപ്പ് വരുത്തണമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. ഭൂവിനിയോഗ വകുപ്പിന്റെ അൻപതാം വാർഷികത്തോട് അനുബന്ധിച്ച് 'കുറ്റ്യാടി കേരസമൃദ്ധി മിഷൻ' കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂമിയുടെ യഥാർഥസ്വാഭാവം മനസ്സിലാക്കി വിളകൾ കൃഷി ചെയ്യണമെന്നും മന്ത്രി പറഞ്ഞു.

****************************************************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ശക്തമായ പ്രതിരോധ നടപടികൾ തുടർന്ന് ആരോഗ്യവകുപ്പ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസയിലുള്ള രോഗികളുടെ ആരോഗ്യനില തൃപ്തികരമെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ഇന്നലെ രോഗബാധയെ തുടർന്ന് രണ്ടു പേരാണ് മരിച്ചത്.

****************************************************

## അമീബിക് ജ്വരം (ഇൻട്രോ)

അപകട സാധ്യത വളരെ കൂടുതലുള്ള രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരമെന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ ഷമീർ വി.കെ. മസ്തിഷ്ക ജ്വര ലക്ഷണങ്ങളുമായി എത്തുന്ന രോഗികളിൽ നിർബന്ധമായും അമീബയുടെ സാന്നിധ്യം പരിശോധിക്കണമെന്നും അദ്ദേഹം ആകാശവാണി

RNU TVPM

വാർത്തകളോട് പറഞ്ഞു.
( വോയിസ്.... )

*****************************************

## വോട്ടർപട്ടിക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപ്പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. 29 ലക്ഷത്തി 81,310 പേരാണ് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിച്ചിട്ടുള്ളത്. ഇതിൽ 5,595 പേർ പ്രവാസികളാണ്. തിരുത്തലിന് 13,859 അപേക്ഷയും വാർഡ് മാറ്റാൻ 1 ലക്ഷത്തി 80,793 അപേക്ഷയും ലഭിച്ചു. പേര് ഒഴിവാക്കാൻ 3,806 പേരാണ് അപേക്ഷ നൽകിയത്. 28,731 പേരെ നീക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വമേധയാ നോട്ടീസ് നൽകി.

*****************************************

## കണ്ണൂർ-മഞ്ഞപ്പിത്തം (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ മഞ്ഞപ്പിത്ത വ്യാപനത്തിനെതിരെ ശക്തമായ നടപടികളുമായി ആരോഗ്യവകുപ്പ്. ഈ വർഷം ഇതുവരെ 2,000 കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ.**

(വോയിസ്)

*****************************************

RJU TVPM

## ആസ്പിരേഷൻ ബ്ലോക്ക്

കേന്ദ്ര സർക്കാരിന്റെ ആസ്പിരേഷൻ ബ്ലോക്ക് പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളയ്ക്ക് പാലക്കാട് കോട്ടമൈതാനത്ത് തുടക്കമായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബിനുമോൾ ഉദ്ഘാടനം ചെയ്തു. അട്ടപ്പാടി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലുള്ള സൂക്ഷ്മ - ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങളാണ് പ്രദർശന വിപണന മേളയിൽ ഉള്ളത്.

****************************************

## റേഷൻ വിതരണം

സംസ്ഥാനത്ത് ഒന്നാം ഓണ ദിവസമായ വ്യാഴാഴ്ച റേഷൻ കടകൾ തുറന്നു പ്രവർത്തിക്കും. ഈ മാസത്തെ റേഷൻ ഇന്ന് മുതൽ ലഭ്യമാകും. അന്ത്യോദയ അന്ന യോജന കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമുള്ള ഓണക്കിറ്റ് വിതരണം ഈ മാസവുമുണ്ടാകും.

RNU TVPM

****************************************

## സംസ്ഥാനം- ഓണം വാരാഘോഷം

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചലച്ചിത്ര താരങ്ങളായ ബേസിൽ ജോസഫും ജയം രവിയും മുഖ്യാതിഥികളാകും. സെൻട്രൽ സ്റ്റേഡിയം, മ്യൂസിയം ഉൾപ്പെടെ 33 വേദികളിലായി ഈ മാസം ഒൻപത് വരെ വിവിധ കലാപരിപാടികളാണ് വാരാഘോഷത്തോട് അനുബന്ധിച്ച് അരങ്ങേറുക.

****************************************

## ഓണാഘോഷം

ഈ വർഷത്തെ ഓണം ടൂറിസം വാരാഘോഷത്തോട് അനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഇന്ന് വൈകുന്നേരം പ്രദർശന വടം വലി മത്സരം നടക്കും. എം.എൽ.എമാർ, സർക്കാർ ജീവനക്കാർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും. നഗരത്തിലെ ദീപാലങ്കാരത്തിന്റെ സ്വിച് ഓൺ കർമ്മം വൈകുന്നേരം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കും.

*****************************************

## നിയമസഭാ ദീപാലങ്കാരം

ഓണം-ടൂറിസം വാരാഘോഷത്തിന്റെ ഭാഗമായി നിയമസഭാ മന്ദിരവും പരിസരവും വൈദ്യുത ദീപാലംകൃതമാക്കുന്നു. നാളെ മുതൽ ഈ മാസം 9 വരെ വൈകുന്നേരം 6.30 മുതൽ രാത്രി 10 വരെ പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിര പരിസരത്ത് പ്രവേശനത്തിന് അനുമതി നൽകിയിട്ടുണ്ട്.

RNU TVPM

*****************************************

## ഓണക്കിറ്റുകൾ - ആർ.ബിന്ദു

വിശപ്പ് രഹിത ഓണക്കാലം എന്ന ലക്ഷ്യത്തോടെ നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന വ്യാപകമായി ഓണക്കിറ്റുകൾ സ്നേഹസമ്മാനമായി നൽകുന്നു. "കരുതലോണം നല്ലോണം" എന്ന ആശയത്തിലൂന്നിയ പരിപാടി പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ ചേർത്ത് നിർത്തുകയാണെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. മാതൃകാപരമായ ഇത്തരം പ്രവർത്തങ്ങൾ തുടർന്നും ചെയ്യാൻ എൻ.എസ്.എസ് ഭാരവാഹികൾക്ക് സാധിക്കട്ടെയെന്നും മന്ത്രി ആശംസിച്ചു.

*****************************************

## ഓണം - ശബരിമല (ഇൻട്രോ)

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. നട തുറക്കുന്ന നാളെ പൂജകൾ ഉണ്ടാകില്ല. തിരുവോണപൂജകൾ അഞ്ചിനു നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ.....**

(വോയിസ്)

****************************************

## ഓണം -ഭക്ഷ്യസുരക്ഷ

ഓണത്തിന് മുന്നോടിയായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശോധന പുരോഗമിക്കുന്നു. പാലക്കാട് ജില്ലയിലെ വാളയാർ, മീനാക്ഷിപുരം അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഉൾപ്പടെ 80 കേന്ദ്രങ്ങളിൽ പരിശോധന നടത്തി. ചെക്ക് പോസ്റ്റുകളിൽ നടത്തിയ പരിശോധനയിൽ 86 ക്ഷീര സാമ്പിളുകൾ ലാബിലേക്ക് പരിശോധനക്ക് അയച്ചു.

RNUTVPM

****************************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് 2.30 ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും. വൈകുന്നേരം 6.45 ന് , തൃശൂർ ടൈറ്റൻസ്, അദാനി ട്രിവാൻഡ്രം റോയൽസുമായും ഏറ്റുമുട്ടും.

****************************************

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 361 പോയിന്റ് ഉയർന്ന് 80,726 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിന്റ് നേട്ടത്തിൽ 24,746 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 160 രൂപ വർധിച്ച് 77,800 രൂപയും, ഗ്രാമിന് 9,725 രൂപയുമാണ് ഇന്നത്തെ വില.

****************************************************************************************************************************

****************************

RNU TVPM